# ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം, തിരുവനന്തപുരം.

വിഷയം:- ആ.വ.ഡ. ജീവനക്കാര്യം - ഹെൽത്ത് സൂഷർവൈസർ തസ്തികയിലെ സ്ഥലം മാറ്റം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ശ്രീ.രാധാകൃഷ്ണൻ, ഹെൽത്ത് സൂഷർവൈസർ ഫയൽ ചെയ്ത ഒ.എ. നം.727/2019 നമ്പർ കേസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമ വിധി.

2. ശ്രീ. സൈനുദ്ദീൻ, ഹെൽത്ത് സൂഷർവൈസർ ഫയൽ ചെയ്ത ഒ.എ. നം. 790/2019 നമ്പർ കേസിലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി

3. ജി.ഒ. (ആർ.റ്റി) നം. 1847/2019/ആ.കു.വ. തീയതി: 27/07/2019

4. ജി.ഒ.(ആർ.റ്റി) നം. 2005/2019/ആ.കു.വ. തീയതി: 16/08/2019

5. കത്ത് നം. എ7- 11126/2019/ജി.മെ.ആ. പാലക്കാട് തീയതി: 02/09/2019

6. വിവിധ ജില്ലാ മെഡിക്കൽ ഓഫീസുകൾ വഴി ലഭ്യമായ അപേക്ഷകൾ

## ഉത്തരവ് നമ്പർ ഇജി4-30300/2019/ആ.വ.ഡ. തീയതി :04/10/2019

പാലക്കാട് ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി തിരുവനന്തപുരം വെള്ളനാട് സാമൂഹികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് സൂഷർവൈസർ ശ്രീ. പി. രാധാകൃഷ്ണൻ, ആലപ്പുഴ, മുതുകുളം പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് സൂഷർവൈസർ ശ്രീ. സൈനുദ്ദീൻ പി എന്നിവർ കേസ് ഫയൽ ചെയ്യുകയും പരാമർശം 1,2 പ്രകാരം അന്തിമ ഉത്തരവ് ലഭിക്കുകയും ചെയ്തിരിക്കുന്നു.

പരാമർശം (1),(2) ബഹു. ട്രിബ്യൂണൽ ഉത്തരവുകൾ പ്രകാരം ടി വ്യക്തികളെ നേരിൽ കേട്ടതിനുശേഷം തീരുമാനമെടുക്കുന്നതിനായി ഒന്നാം പ്രതിവാദിയായ സർക്കാരിനോട് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3,4 ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ശ്രീ. രാധാകൃഷ്ണൻ പി, ഹെൽത്ത് സൂഷർവൈസറിനെ പാലക്കാട് ജില്ലയിലുണ്ടാകുന്ന ഒഴിവിലേക്ക് നിലവിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കു വിധേയമായി സീനിയോറിട്ടി പരിഗണിച്ച് നിയമിക്കുവാൻ നിർദ്ദേശിച്ചിരുന്നു. പരാമർശം (4) പ്രകാരം ശ്രീ. സൈനുദ്ദീൻ പി ക്ക്, ശ്രീ. രാധാകൃഷ്ണൻ പിയെ പാലക്കാട് ജില്ലയിലേക്ക് പരിഗണിച്ചശേഷം ഉണ്ടാകുന്ന ഒഴിവിലേക്കു നിലവിലെ സ്ഥലംമാറ്റ നിയമങ്ങൾക്കു വിധേയമായി സീനിയോറിട്ടി പ്രകാരം പരിഗണിക്കുവാനും അനർഹമായ പരിരക്ഷ ഉന്നയിച്ച് പാലക്കാട് ജില്ലയിൽ തുടരുന്നുവെന്ന് ശ്രീ. ജോണിജോസഫ്, ശ്രീ. ആറു, ശ്രീ. സുബ്രമണ്യൻ, എന്നീ ഹെൽത്ത് സൂഷർവൈസർമാർക്കെതിരെ അപേക്ഷകർ ഉന്നയിക്കുന്ന ആരോപണങ്ങൾ ശരിയാണെങ്കിൽ അടിയന്തിരമായി ടി വ്യക്തികളെ സ്ഥലംമാറ്റുന്നതിനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിൽ നിന്നും പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരിക്കുന്നു. ടി റിപ്പോർട്ട് പ്രകാരം ശ്രീ. ജോണിജോസഫ് 13.05.1999 മുതൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2, ഹെൽത്ത് സൂഷർവൈസർ തസ്തികകളിൽ പാലക്കാട് ജില്ലയിൽ തുടരുകയും 26.09.2016 മുതൽ 27.03.2017 വരെ മലപ്പുറം ജില്ലയിൽ സേവനമനുഷ്ഠിച്ചതിനെ തുടർന്ന് വീണ്ടും 28.03.2017 മുതൽ പാലക്കാട് ജില്ലയിൽ തുടരുകയും ചെയ്യുന്ന വ്യക്തിയാണ്, (ഇന്റർകാസ്റ്റ് മാര്യേജ് പ്രൊട്ടക്ഷൻ അടിസ്ഥാനക്കാക്കി വിധി സമ്പാദിച്ചതിലൂടെ) എന്ന റിപ്പോർട്ടിൽ പരാമർശിക്കുന്നു.

ശ്രീ. ആറു 03.05.1995 മുതൽ ജെ.എച്ച്.ഐ. ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ പ്രവേശിക്കുകയും 24 വർഷത്തിലധികമായുള്ള ടി വ്യക്തിയുടെ സേവന കാലയളവിൽ കേവലം 3 വർഷത്തിനകം മാത്രമേ മറ്റു ജില്ലകളിൽ സേവനമനുഷ്ഠിച്ചതായി കാണുന്നുള്ളു

എന്നും ടി റിപ്പോർട്ട് പ്രകാരം പരാമർശിക്കപ്പെടുന്നു കൂടാതെ ശ്രീ. ആറു 29.04.2010 മുതൽ 03.01.2017 വരെ പാലക്കാട് ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടറായി തുടരവെ ഹെൽത്ത് സൂപ്പർവൈസർ സ്ഥാനക്കയറ്റം ലഭിച്ച് 04.01.2017 മുതൽ 07.09.2017 വരെ തിരുവനന്തപുരം ജില്ലയിൽ സേവനമനുഷ്ഠിക്കുകയും ഇന്റർകാസ്റ്റ് മാര്യേജ് പ്രൊട്ടക്ഷൻ ആധാരമാക്കി വീണ്ടും പാലക്കാട് ജില്ലയിൽ തുടർന്ന് വരുകയുമാണ്. ശ്രീ. സുബ്രമണ്യൻ 03.05.1995 ൽ ജെ.എച്ച്.ഐ ഗ്രേഡ് 2 തസ്തികയിൽ പാലക്കാട് ജില്ലയിൽ സ്ഥലംമാറ്റം ലഭിച്ച് പ്രവേശിക്കുകയും 24 വർഷത്തിലധികമായുള്ള സേവനത്തിനിടെ 4 വർഷവും 7 മാസവും മാത്രമേ മറ്റു ജില്ലകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളു എന്നും നിലവിൽ 11.10.2013 മുതൽ പാലക്കാട് ജില്ലയിൽ തുടരുന്നു എന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. നിലവിലെ സ്ഥലംമാറ്റത്തിനായി ഉന്നയിക്കാവുന്ന പ്രൊട്ടക്ഷനുകളെല്ലാം പരമാവധി 5 വർഷകാലയളവിലേക്കു മാത്രമായിരിക്കേ മേൽപരാമർശിച്ചിട്ടുള്ള വ്യക്തികൾക്ക് ഇനിയും പ്രൊട്ടക്ഷൻ ബാധകമാവില്ല. പാല്ക്കാട് ജില്ലയിലേക്കു അപേക്ഷ സമർപ്പിച്ചവരിൽ ശ്രീ. ദണ്ഡപാണി വിരമിക്കലിനു 2 വർഷത്തിൽ താഴെ കാലയവുള്ളതും, ശ്രീ. ഹുസൈൻ 6 വർഷത്തിലധികമായി ടി ജില്ലയ്ക്കു പുറത്തു സേവനമനുഷ്ഠിക്കുന്നതുമായ വ്യക്തികളാണ്. ശ്രീ. മുരളീധരൻ എം.പി. പാലക്കാട് ജില്ലയ്ക്കു പുറത്ത് 3 വർഷം പൂർത്തിയാക്കിയവരിൽ സീനിയറായ വ്യക്തിയാണ്. ടി സാഹചര്യത്തിൽ പരാമർശം (3), (4), സർക്കാർ ഉത്തരവുകൾ നടപ്പാക്കുന്ന പശ്ചാത്തലത്തിലും ആയത് പ്രകാരം മറ്റ് ജില്ലകളിലേക്ക് ഉണ്ടായിട്ടുള്ള ഒഴിവുകളിലേക്ക് അപേക്ഷകരുടെ അർഹതയുടെ അടിസ്ഥാനത്തിലും ഹെൽത്ത് സൂപ്പർവൈസർമാരുടെ അന്തർജില്ലാ സ്ഥലംമാറ്റം ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം നടപ്പാക്കി ഉത്തരവാകുന്നു. ഇത് പ്രകാരം പരാമർശം 1, 2 പ്രകാരമുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. നം. 727/2019, 790/2019 എന്നിവയുടെ അന്തിമ വിധി നടപ്പിലാക്കി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിലെ സ്ഥാപനവും | അനുവദിക്കപ്പെട്ട സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|
| 1 | **ശ്രീ. സതീഷ്കുമാർ സി.വി.** സാമൂഹികാരോഗ്യകേന്ദ്രം, ചാലിശ്ശേരി, പാലക്കാട് | സാമൂഹികാരോഗ്യകേന്ദ്രം, കടപ്പുറം, തൃശ്ശൂർ | അപേക്ഷ പ്രകാരം |
| 2 | **ശ്രീ. മുരളീധരൻ എം.പി** സാമൂഹികാരോഗ്യകേന്ദ്രം, ആനന്ദപുരം, തൃശ്ശൂർ | സാമൂഹികാരോഗ്യകേന്ദ്രം, കൊപ്പം, പാലക്കാട് | അപേക്ഷ പ്രകാരം |
| 3 | **ശ്രീ. ജോണി ജോസഫ്** സാമൂഹികാരോഗ്യകേന്ദ്രം, കുഴൽമന്ദം, പാലക്കാട് | സാമൂഹികാരോഗ്യകേന്ദ്രം, മുതുകുളം, ആലപ്പുഴ | പരാമർശം 1,2,3,4 പ്രകാരം |
| 4 | **ശ്രീ. സുബ്രമണ്യൻ** സാമൂഹികാരോഗ്യകേന്ദ്രം, കടമ്പഴിപുറം, പാലക്കാട് | സാമൂഹികാരോഗ്യകേന്ദ്രം, വാടാനപ്പള്ളി, തൃശ്ശൂർ | പരാമർശം 1,2,3,4 പ്രകാരം |
| 5 | **ശ്രീ. ആറു കെ** സാമൂഹികാരോഗ്യകേന്ദ്രം, നന്ദിയോട്, പാലക്കാട് | സാമൂഹികാരോഗ്യകേന്ദ്രം, പാണ്ടനാട്, ആലപ്പുഴ | പരാമർശം 1,2,3,4 പ്രകാരം |
| 6 | **ശ്രീ. രാധാകൃഷ്ണൻ പി.** സാമൂഹികാരോഗ്യകേന്ദ്രം, വെള്ളനാട്, തിരുവനന്തപുരം | സാമൂഹികാരോഗ്യകേന്ദ്രം, നന്ദിയോട്, പാലക്കാട് | പരാമർശം 1,3, പ്രകാരം |
| 7 | **ശ്രീ. ഹുസൈൻ കെ. കെ** സാമൂഹികാരോഗ്യകേന്ദ്രം, പുല്ലുവിള, തിരുവനന്തപുരം | സാമൂഹികാരോഗ്യകേന്ദ്രം, ചാലിശ്ശേരി, പാലക്കാട് | അപേക്ഷ പ്രകാരം |

| | | | |
|---|---|---|---|
| 8 | **ശ്രീ. സൈനുദ്ദീൻ പി.**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>മുതുകുളം, ആലപ്പുഴ | സാമൂഹികാരോഗ്യകേന്ദ്രം,<br>കടമ്പഴിപ്പുറം, പാലക്കാട് | പരാമർശം 2,4<br>പ്രകാരം |
| 9 | **ശ്രീ. ദണ്ഡപാണി വി.**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>പാണ്ടനാട്, ആലപ്പുഴ | സാമൂഹികാരോഗ്യകേന്ദ്രം,<br>കുഴൽമന്ദം, പാലക്കാട് | അപേക്ഷ പ്രകാരം |
| 10 | **ശ്രീ. മുരളീധരൻ. കെ.യു**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>കുമ്പള, കാസർഗോഡ് | സാമൂഹികാരോഗ്യകേന്ദ്രം,<br>പുല്ലുവിള, തിരുവനന്തപുരം | അപേക്ഷ പ്രകാരം |
| 11 | **ശ്രീ. രാധാകൃഷ്ണൻ കെ**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>മൈനാഗപ്പള്ളി, കൊല്ലം | സാമൂഹികാരോഗ്യകേന്ദ്രം,<br>ആനന്ദപുരം, തൃശ്ശൂർ | അപേക്ഷ പ്രകാരം |
| 12 | **ശ്രീ. സണ്ണി തോമസ്**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>തെക്കുംഭാഗം, കൊല്ലം | സാമൂഹികാരോഗ്യകേന്ദ്രം,<br>അറുന്നൂറ്റിമംഗലം, കോട്ടയം | അപേക്ഷ പ്രകാരം |
| 13 | **ശ്രീ. കെ.എ. മാത്യു**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>രാമപുരം, കോട്ടയം | സ്ത്രീകളുടെയും കുട്ടികളു<br>ടേയും ആശുപത്രി,<br>തൈക്കാട് ,<br>തിരുവനന്തപുരം | അപേക്ഷ പ്രകാരം |
| 14 | **ശ്രീ. ജോൺസൺ മാത്യു**<br>സാമൂഹികാരോഗ്യകേന്ദ്രം,<br>കല്ലറ, തിരുവനന്തപുരം | സാമൂഹികാരോഗ്യകേന്ദ്രം,<br>രാമപുരം, കോട്ടയം | അപേക്ഷ പ്രകാരം |

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് വിടുതൽ/പ്രവേശന നടപടികൾക്കുള്ള രേഖയായി ഉപയോഗിക്കാവുന്നതാണ്.

ടി വ്യക്തികളെ സ്ഥാപനമേധാവികൾ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും സേവനത്തിൽ പ്രവേശിച്ച സ്ഥാപനം തീയതി എന്നിവ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**ഡോ. മീനാക്ഷി വി.**
**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ**
**(പൊതുജനാരോഗ്യം)**

സ്വീകർത്താവ്:-

ബന്ധപ്പെട്ട വ്യക്തികൾ

പകർപ്പ്:-

1. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ(ആരോഗ്യം)
2. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
3. ഇ.ജി. സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

//സൂപ്രണ്ട്////